DESPATCHED
On 3/3/23...



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 2119(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.17495/SIC-Gen4/2022**
**(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ഫെബ്രുവരി 28**

ശ്രീ. എൽദോ എൻ.വി.,
പ്രസിഡന്റ്,
കൊമ്പനാട് APCOS No.E-226 (D),
എറണാകുളം.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, എറണാകുളം.
2. അപ്പീൽ അധികാരി &
ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 12.9.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.9.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.10.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 29.12.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.11.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 19.11.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14.12.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 4.1.2023 |

## ഉത്തരവ്

ഹർജിക്കാരനായ ശ്രീ. എൽദോ എൻ.വി., 12.9.2022 തീയതി വച്ച് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ബോധിപ്പിച്ചിരുന്നത്, വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിന്മേൽ എസ്.പി.ഐ.ഒയും അപ്പീൽ അധികാരിയും നൽകിയ മറുപടി തൃപ്തികരമല്ലെന്നും സെക്ഷൻ-3 എന്താണെന്നും പോലും രേഖപ്പെടുത്താതെയുള്ള മറുപടിയാണ് നൽകിയതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്കുള്ള മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ 12.9.2022–ന് ഒന്നാം എതിർകക്ഷി ഓഫീസിലെ പി.ആർ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് കൊമ്പനാട് ക്ഷീരോല്പാദക സഹകരണ സംഘത്തിൽ വിശേഷാൽ പൊതുയോഗംകൂടി സംഘത്തിൽ നിന്നും പുറത്താക്കപ്പെട്ടവർ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുള്ള പരാതികളുടെ പകർപ്പും റിപ്പോർട്ടിന്റെ പകർപ്പും നടപടി ക്രമത്തിന്റെ പകർപ്പും മറ്റുമാണ്. എന്നാൽ ടി അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ-യിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്ന് പരാതിപ്പെട്ട് കൊണ്ട് 18.10.2022–ന് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചതായി കാണുന്നു. ടി അപ്പീൽ അപേക്ഷയ്ക്ക് 7.11.2023–ന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപ്പീൽ അധികാരിയുടെ റിപ്പോർട്ടിൽ പറയുന്നു.

3. മേൽ വിഷയത്തിന്മേൽ അപ്പീൽ അധികാരിയായ ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 12.9.2022–ലെ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടില്ല എന്ന ആക്ഷേപം തികച്ചും വാസ്തവ വിരുദ്ധമാണെന്നും 27.09.2022–ൽ DDEKM/654/22-SC2 നമ്പർ പ്രകാരം മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടി മറുപടിയിൽ തൃപ്തനാകാതിരുന്ന ഹർജിക്കാരൻ 18.10.2022–ൽ അപ്പീൽ അധികാരിക്ക് അപേക്ഷ സമർപ്പിക്കുകയും അത് പ്രകാരം അപ്പീൽ അധികാരി 7.11.2022–ന് DDEKM/823/2022-SC2 നമ്പർ പ്രകാരം മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്. കൂടാതെ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, അപേക്ഷകൻ പ്രസിഡന്റ് കൊമ്പനാട് ക്ഷീരോല്പാദക സഹകരണസംഘം എന്ന പേരിലാണ് വിവരാവകാശ നിയമ പ്രകാരം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതെന്നും വിവരാവകാശ നിയമം വകുപ്പ് (3) പ്രകാരം വിവരങ്ങൾ നൽകേണ്ടത് വ്യക്തികൾക്കാണെന്ന് സ്പഷ്ടമാക്കിയിട്ടുള്ളതാണെന്നും ആയതിനാലാണ് ഔദ്യോഗിക മേൽവിലാസത്തിൽ നൽകിയ അപേക്ഷ നിരസിച്ചിട്ടുള്ളതെന്നുമാണ്.

4 അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും ചേർത്ത് പരിശോധിക്കുമ്പോൾ രണ്ടാം എതിർകക്ഷി ലഭ്യമാക്കിയ റിപ്പോർട്ടിലെ വസ്തുതകൾ അംഗീകരിക്കത്തക്കതായി കാണുന്നു. മേൽ സാഹചര്യത്തിൽ കമ്മീഷനിൽ ലഭ്യമാക്കിയ അപ്പീൽ അധികാരിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകാൻ രണ്ടാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി ഈ അപ്പീൽ ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിക്കുന്നു.

5 മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി 28–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk